**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ കാവുകൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കേരള വനം വകുപ്പ് സാമൂഹിക വനവത്കരണ വിഭാഗം മുഖേനെ എല്ലാ വർഷവും ഓരോ ജില്ലയിലുമുള്ള 5 കാവുകൾക്കുവീതം, 24.12.2016 ലെ സ.ഉ(സാധാ).485/16/F&WLD, നമ്പർ സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി, സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) | നിലവിൽ ആലപ്പുഴ ജില്ലയിലെ കാവ് നവീകരണം എവിടെ ഒക്കെ ആണ് നടപ്പാക്കി വരുന്നത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷം മുതൽ 2023-2024 സാമ്പത്തിക വർഷം വരെ ആലപ്പുഴ ജില്ലയിലെ ധനസഹായത്തിന് അർഹമായ കാവുകളുടെയും അവയുടെ നവീകരണത്തിനായി വിതരണം ചെയ്ത തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി ആറ്റു തീരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് പുതിയ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ആറ്റുതീരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ മറ്റ് പദ്ധതികളുടെ ഭാഗമായി ആറ്റുതീരങ്ങളിൽ വൃക്ഷത്തൈ വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്ന പ്രവർത്തികൾ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം | കാവിന്റെ പേര് | ഗഡു വിതരണം ചെയ്ത വർഷം | വിതരണം ചെയ്ത തുക (രൂപയിൽ) |
|---|---|---|---|
| 1 | വേണാട്ടുശ്ശേരിൽ ശ്രീ ഭുവനേശ്വരി ക്ഷേത്രക്കാവ്, താമല്ലാക്കൽ | 2021-22 | 10000 |
| 2 | മാത്രൂർക്കാവ്, ചേരാവള്ളി | 2021-22 | 10000 |
| 3 | തോണ്ടത്രക്കാവ്, വെണ്മണി | 2021-22 | 15000 |
| 4 | പൊട്ടത്തറ സർപ്പക്കാവ്, കളർകോട് | 2021-22 | 20000 |
| 5 | പറയാട്ട് കാവ്, നൂറനാട് | 2023-24 | 10000 |
| 6 | കണ്ടലിൽ കുറ്റിയിൽ, ചിങ്ങോലി | 2023-24 | 7500 |
| 7 | പോത്തൻ കുളഞ്ഞിക്കാവ്, ചെങ്ങന്നൂർ | 2023-24 | 5500 |
| 8 | ചെറുതല കോമാത്ത് കാവ്, മാന്നാർ | 2023-24 | 5000 |
| 9 | തുരുത്ത് കാവ്, ചേർത്തല | 2023-24 | 6000 |
| 10 | കായിപ്പുറത്ത് ക്ഷേത്രക്കാവ്, ചേർത്തല | 2023-24 | 10000 |
| 11 | വാരണപ്പള്ളിക്കാവ്, ഹരിപ്പാട് | 2023-24 | 10000 |
| 12 | പട്ടശ്ശേരിൽ ദേവീക്ഷേത്രക്കാവ്, ഹരിപ്പാട് | 2023-24 | 11000 |
| 13 | കോലാഴത്ത് കാവ്, തിരുനല്ലൂർ | 2023-24 | 15000 |
| 14 | തുകലുകാട് കുടുംബ ട്രസ്റ്റ് കാവ്, ചേർത്തല | 2023-24 | 11000 |